(ഡി) മഴലാന ആസാദിന്റെ പേരിലുള്ള പ്രസ്തുത ലൈബ്രറിക്ക് കെട്ടിടം പണി തുടങ്ങുവാനുള്ള അനുവാദം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരിയിലെ ആസാദ് ലൈബ്രറിയുടെ പുതിയ കെട്ടിടം പണിയുന്നത് തടസ്സപ്പെടുത്തിയത് സംസ്ഥാന പുരാവസ്തു വകുപ്പല്ല; കേന്ദ്ര പുരാവസ്തു വകുപ്പാണ്. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ 1956-ലെ സംരക്ഷിത സ്മാരക നിയമമനുസരിച്ച് സംരക്ഷിത സ്മാരകത്തിന് വളരെയടുത്ത് പുതിയതായി കെട്ടിടം പണിയുന്നതിന് അനുമതി നൽകുകയില്ല. അതിനാലാണ് പുതിയ കെട്ടിടം പണിയുന്നതിനുള്ള അനുമതി കേന്ദ്ര പുരാവസ്തു വകുപ്പ് നൽകാത്തത്.

(ബി) ഇല്ല.

(സി) സംസ്ഥാന ആർക്കിയോളജി വകുപ്പ് തടസ്സപ്പെടുത്തിയിട്ടില്ല.

(ഡി) 'എ' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അംബേദ്കർ പഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി

117 [1462] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ ഡോ. അംബേദ്കർ പഠനകേന്ദ്രം ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ അനുവദിച്ച ഫണ്ട് സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ടോ;

(സി) ഈ പഠനകേന്ദ്രം ആരംഭിക്കുന്നതിന് ഇതുവരെ സർവ്വകലാശാല സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) ഈ പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല എങ്കിൽ അടിയന്തിരമായി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നിർദ്ദേശം പരിഗണനയിലാണ്.

(സി) കേരള സർവ്വകലാശാല പട്ടികജാതി വികസന വകുപ്പുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly